# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1297** **21.03.2013-ൽ മറുപടിക്ക്**

## നെന്മാറ മണ്ഡലത്തിലെ ഊട്ടറ പാലം പുതുക്കിപ്പണിയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) നെന്മാറ മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ ; | (എ) ഇല്ല. ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വാഹനഗതാഗതം നിരോധിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നറിയിക്കുമോ; | (ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയതിന്ശേഷം മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളു. |
| (സി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) 2013-ലെ എസ്.എൽ.ടി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതിയ്ക്കു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ